## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1007 **02.12.2015** ലെ മറുപടിക്ക്

<u>സ്വയം പര്യാപ്തഗ്രാമ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ സ്വയം പര്യാപ്തഗ്രാമ പദ്ധതി കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ എത്ര കോളനികളിൽ നടപ്പിലാക്കി വരുന്നു എന്നറിയിക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ കാസർഗോഡ് മുൻസിപ്പാലിറ്റിയിലെ അമെയ് കോളനിയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരാണെന്നും അറിയിക്കുമോ; | (ബി) | അമെയ് കോളനിയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഒന്നാം ഗഡുവായി 25 ലക്ഷം രൂപ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ആണ് കരാർ ഏറ്റെടുത്തിരിക്കുന്നത് |
| (സി) | പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | ഇല്ല. ഏറ്റെടുത്ത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ